..., ..(01.22
29/12/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic@kerala.nic.in**


## AP.1538(6)/2020/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 13076/SIC-G5/2020

## സന്നിഹിതൻ

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ശോഭന. എസ്,
ശബരി, TC8/1218,(41/1779),
വലിയവിള, തിരുമല പി.ഒ,
തിരുവനന്തപുരം - 695 006.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സെക്രട്ടറി, പൂവച്ചൽ ഗ്രാമ പഞ്ചായത്ത്,
പൂവച്ചൽ പി.ഒ., തിരുവനന്തപുരം - 695 575.
2. അപ്പീൽ അധികാരി &,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

കമ്മീഷന്റെ 08/03/2021 ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം നിലവിലെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പരാമർശിത കാലയളവിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന ഇപ്പോൾ കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി. ജയന്തി എസ്. ൽ നിന്ന് 13/05/2021 ൽ ലഭ്യമാക്കിയിട്ടുള്ള വിശദീകരണം അംഗീകരിക്കാൻ കഴിയുന്നതല്ല എന്നു കാണുന്നു. ടി വിശദീകരണത്തിൽ ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തന്റെ ജോലി തിരക്കിനെക്കുറിച്ചും കോവിഡ് പ്രതിരോധപ്രവർത്തനത്തിന് ഡോക്ടർ. ജോയി ജോൺ നൽകിയ സേവനങ്ങളെക്കുറിച്ചും മറ്റുമാണ് കൂടുതലായി പ്രതിപാദിച്ചുകാണുന്നത്. മാത്രവുമല്ല തന്റെ പ്രവൃത്തികളുടെ ന്യായീകരണവുമാണ് നടത്തി കാണുന്നത്. കമ്മീഷൻ ഉത്തരവ് പ്രകാരം ടി എതിർകക്ഷി വിവരാവകാശ അപേക്ഷയിന്മേൽ വ്യക്തമായി മറുപടി നൽകാതിരുന്നത് സംബന്ധിച്ചും അപേക്ഷകക്ഷി ആവശ്യപ്പെട്ട രേഖകൾ നൽകാതിരുന്നതിനെക്കുറിച്ചും ഒന്നും തന്നെ വിശദീകരിച്ചു കാണുന്നില്ല. ആയതിനാൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ഇപ്പോൾ കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിട്ടുള്ള ശ്രീമതി. ജയന്തി എസ്. നെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരം

ശിക്ഷിക്കുന്നതിന് കമ്മീഷൻ തീരുമാനിക്കുന്നു. ടി എതിർകക്ഷിയുടെ ഭഗത്തുനിന്നുമുണ്ടായ വീഴ്ചയ്ക്ക് ടിയാൾ പിഴസംഖ്യയായി 5000/- (അയ്യായിരം രൂപ) അടയ്ക്കണമെന്ന് ഉത്തരവാകുന്നു.

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം ശ്രീമതി. ജയന്തി എസ്. 5000/- **രൂപ** "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം **2021 ഡിസംബർ മാസം 29-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.**

ഒപ്പ്
**എച്ച്. രാജീവൻ**
വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

RIGHT TO INFORMATION

sh